Page 1 of 2

(ബി) ലോക പരിസ്ഥിതിദിനമായ ജൂൺ 5-ന് 10.30 മുതൽ 11.30 വരെയുള്ള ഹരിത സമയത്ത് സംസ്ഥാനത്തൊട്ടാകെ 10 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്.

(സി) 2406-01-800-65-01 Extension Forestry (PLAN) എന്ന ശീർഷകത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന് സംസ്ഥാന സർക്കാർ വിഹിതമായി 11 കോടി രൂപ അനുവദിച്ചിരുന്നു. ഹരിതശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെയ്ക്കുമുള്ള ചെലവുകൾ ടി ബഡ്ജറ്റ് ഹെഡ്ഡിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള ആകെ വിഹിതത്തിൽ അധിക കേന്ദ്ര സഹായമായ 2 കോടി രൂപ വിനിയോഗിച്ച് സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായുള്ള വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുകയും, സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള 'ഹരിതശ്രീ സംരക്ഷണ സംഘങ്ങൾ' സംസ്ഥാനത്ത് ആരംഭിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. ഇതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നതേയുള്ളൂ.

**കടലാക്രമണത്തിൽനിന്നും കരയെ സംരക്ഷിക്കുന്നതിനുള്ള നടപടി**

262 (5193) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണംമൂലം കരഭൂമി നശിക്കുന്നതിന്റെ കാരണമായ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കടലാക്രമണത്തിനെതിരെ ശാശ്വതമായ പരിഹാരത്തിന് ദീർഘവീക്ഷണമുള്ള നിർദ്ദേശങ്ങൾ പരിസ്ഥിതി വകുപ്പിന്റെ പക്കലുണ്ടോ ?

**ഉത്തരം**

(എ) പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

**പരിസ്ഥിതി വകുപ്പിന് പദ്ധതിയിനത്തിൽ അനുവദിച്ച തുക**

263 (5194) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി വകുപ്പിന് പദ്ധതിയിനത്തിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി വകുപ്പിന് പദ്ധതിയിനത്തിൽ,

(i) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് - 1400 ലക്ഷം

(ii) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് - 250 ലക്ഷം

(iii) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് - 400 ലക്ഷം

(iv) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് - 30 ലക്ഷം

എന്നിങ്ങനെ ആകെ 2080 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) പദ്ധതിയിനത്തിൽ അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ് :

(i) <u>പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ്</u>

പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും, തണ്ണീർത്തടങ്ങളുടെ പുനരുജ്ജീവനം, റിവർ ആക്ഷൻ പ്ലാൻ, പരിസ്ഥിതി ഗവേഷണവും വികസനവും, സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതി, പരിസ്ഥിതി ആഘാതം വിലയിരുത്തൽ, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി വകുപ്പിനെ ശക്തിപ്പെടുത്തൽ, നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ (ഒറ്റത്തവണ അധിക കേന്ദ്ര സഹായം) എന്നീ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമായി ആകെ 1389.3 ലക്ഷം രൂപ ചെലവഴിച്ചു.

(ii) <u>സംസ്ഥാന ജൈവവൈവിധ്യ ബോർഡ്</u>

225 ലക്ഷം രൂപ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കും, 25 ലക്ഷം രൂപ സംസ്ഥാന ജൈവവൈവിധ്യ പരങ്ങിലുമായി മുഴുവൻ തുകയും ചെലവഴിച്ചു.

(iii) <u>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്</u>

അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - 40 ലക്ഷം, നിയന്ത്രണ സംവിധാനം - 50 ലക്ഷം, പരിസ്ഥിതി നിരീക്ഷണവും നടത്തിപ്പും - 300 ലക്ഷം രൂപ, കഴിവുകൾ വികസിപ്പിക്കൽ - 10 ലക്ഷം രൂപ എന്നീ 4 പ്രധാന ഇനങ്ങളിലെ 19 ഉപ പദ്ധതികൾക്കായി മുഴുവൻ തുകയും ചെലവഴിച്ചു.

(iv) <u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ്</u>

31 മാർച്ച് 2014 വരെ തുക ഒന്നും ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly